©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഡിസംബർ 29<br>29th December 2020<br>1196 ധനു 14<br>14th Dhanu 1196<br>1942 പൌഷം 8<br>8th Pousha 1942 | നമ്പർ<br>No. 51 |

# PART III

# Police Department

ലേല പരസ്യം

നമ്പർ ജി2-1968/2018/ID. 2020 ഡിസംബർ 10.

ഇടുക്കി ജില്ല പോലീസ് മേധാവിയുടെ അധീനതയിൽ കരിമണ്ണൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് സ്ഥിതിചെയ്യുന്ന പഴയ പോലീസ് കാർട്ടർസുകളായ 388, 389, 390, 391, 392, 393 എന്നീ നമ്പരുകളിൽ ഉള്ള കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ചു നീക്കുന്നതിനായി 5-1-2021-ാം തീയതി പകൽ 11 മണിക്ക് കരിമണ്ണൂർ പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ ₹ 42,000 (നാൽപത്തി രണ്ടായിരം രൂപ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ചതിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് (ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ) 3-1-2021 വൈകിട്ട് 5 മണി വരെ ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് പോലീസ് ഡിപ്പാർട്ട്മെന്റ് വക കരിമണ്ണൂർ പോലീസ് സ്റ്റേഷൻ പഴയ കാർട്ടർസ് കെട്ടിടം ലേലം ചെയ്യുന്നതിനുള്ള ദർഘാസ് എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്. പരസ്യ ലേലം അവസാനിച്ചാൽ ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദാർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും (നിരതദ്രവ്യം കഴിച്ച്) 18% ജി.എസ്.ടി.-യും 1% പ്രളയ സെസും ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതിയും അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് കൊട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക

സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ 3-1-2021 വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിനങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ കരിമണ്ണൂർ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
ഇടുക്കി.

കറുപ്പസാമി, ആർ. ഐ.പി.എസ്.,
*ജില്ലാ പോലീസ് മേധാവി.*

---

ലേല പരസ്യം

നമ്പർ ഇ1-40350/2019/W.

2020 നവംബർ 17.

വയനാട് ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ പാത്രങ്ങൾ 7-1-2021-ാം തീയതി 11 മണിക്ക് വയനാട് ജില്ലാ സായുധസേനാ ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ₹ 5,000 (അയ്യായിരം രൂപ) നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. മേൽ ഉപയോഗശൂന്യമായ വസ്തുക്കൾ മൊത്തമായി വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടിയോ നേരിട്ടോ തപാൽമാർഗ്ഗമോ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ മുദ്രവെച്ച കവറിൽ 6-1-2021 വൈകുന്നേരം 3 മണിക്ക് മുമ്പായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും വയനാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസുകൾ അയയ്ക്കുന്ന കവറിനുപുറത്ത് "പോലീസ് വകുപ്പ്—ഉപയോഗശൂന്യമായ വസ്തുക്കളുടെ ദർഘാസ്" എന്നെഴുതി കവർ മുദ്രവയ്ക്കേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ ലേലത്തിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ലേലം ബന്ധപ്പെട്ടയാളുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും. ലേലം കൊണ്ടയാൾ ഉടനെതന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം ഒഴികെ) നികുതിയടക്കം ലേല സ്ഥലത്ത് വച്ച് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക നികുതി ഉൾപ്പെടെ രണ്ട് ദിവസത്തിനകം അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലം കൊണ്ട വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്.

ലേലം കൊണ്ട വ്യക്തി ലേല നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ/ദർഘാസ് കൊണ്ടയാൾ ഉത്തരവാദിയാകുന്നതും പുനർലേലത്തിൽ ലാഭം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ/ദർഘാസ് കൊണ്ടയാൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനുള്ള പൂർണ്ണ അധികാരം വയനാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും ഈ ലേലത്തിനും ബാധകമാണ്.

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 5 മണിവരെ ലേലം ചെയ്യപ്പെടാൻ തീരുമാനിച്ചിട്ടുള്ള വസ്തുക്കൾ അസിസ്റ്റന്റ് കമാണ്ടന്ററിന്റെ (ഡി. എച്ച്. ക്യൂ.) അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

District Police Office,
Wayanad.

G. Poonguzhali. IPS,
*District Police Chief (i/c).*

---